# ഇടവക പെരുന്നാൾ, ഇടവക ദിനം, ആത്മീയ സംഘടന വാർഷികം









ജനുവരി 16-17 (ശനി, ഞായർ) തീയതികളിൽ കത്തീഡ്രലിലെ പ്രധാന പെരുന്നാൾ ആചരിച്ചു. പെരുന്നാൾ ശുശ്രൂഷകൾക്ക് അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് (കൽക്കട്ട ഭദ്രാസനം) മുഖ്യ കാർമ്മികത്വം വഹിച്ചു. ഞായറാഴ്ച വൈകുന്നേരം ഇടവക ദിനവും, ആത്മീയ സംഘടനകളുടെ വാർഷികവും നടത്തി. കത്തീഡ്രലിലെയും, ദീപം സൺഡേ സ്കൂളിലെയും കുട്ടികളുടെ കലാപരിപാടികളും അരങ്ങേറി.





## സംയുക്ത പ്രാർത്ഥന യോഗം





ജനുവരി 31 ഞായറാഴ്ച കത്തീഡ്രലിൽ നടത്തിയ പ്രാർത്ഥനാ യോഗത്തിൽ ശ്രീ. ടി.കെ. പൗലോസ് മുഖ്യ സന്ദേശം നൽകി.





ലേഖനം നമ്പർ 33

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

### കൃതജ്ഞതാ പ്രാർത്ഥന :

രഹസ്യങ്ങൾ മൂടിയിരിക്കുന്നതിനാൽ പട്ടക്കാരൻ കൈ ഉയർത്താതെ കൂപ്പി നിൽക്കണം. പാപപരിഹാരപ്രദങ്ങളായ ശരീര രക്തങ്ങൾ അനുഭവിക്കുവാൻ ഇടയാക്കിയതിൽ ദൈവത്തെ സ്തുതിക്കുന്നു.

വി. കൂർബ്ബാനയുടെ സമാപനമാകുകയാണ്. ലഭിച്ചിട്ടുള്ള സ്വർഗ്ഗീയ ദാനങ്ങൾക്കും ആത്മീയ നൽവരങ്ങൾക്കും വേണ്ടി കൃതജ്ഞത അർപ്പിക്കുന്നു. മുമ്പുള്ള പ്രാർത്ഥനകൾ പിതാവായ ദൈവം തമ്പുരാനോടായിരുന്നെങ്കിൽ ഇപ്പോൾ സഭ പുത്രൻ തമ്പുരാനോടു തന്നെ പ്രാർത്ഥിക്കുന്നു. തങ്ങളുടെമേൽ കരുണ കാണിക്കണമെന്നും, തന്റെ ദാനങ്ങൾ അവരുടെ മേൽ വർഷിക്കണമെന്നും, പാപത്തിൽ നിന്നും ദോഷങ്ങളിൽ നിന്നും സംരക്ഷിക്കണമെന്നും പ്രാർത്ഥിക്കുന്നു. കുർബ്ബാനയിലെ എല്ലാ പ്രാർത്ഥനകളും പിതാവിനെ അഭിസംബോധന ചെയ്തുകൊണ്ടായിരുന്നു. അവസാനത്തെ പ്രാർത്ഥന പുത്രനോടാണ്. ഇതിൽ പുരോഹിതൻ പുത്രനെ ഏറ്റു പറയുന്നു. കാരണം, തന്റെ സനാതനവും പാവനവുമായ വചനം അനുസരിച്ച് അവൻവഴി നമുക്ക് പിതാവിങ്കലേക്ക് സാമീപ്യം ലഭിച്ചു. പിതാവിങ്കലേക്ക് നമ്മെ നയിക്കുന്ന വഴിയും കൂട്ടിക്കൊണ്ടുപോകുന്ന വാതിലും അവിടുന്നാകുന്നു.

"കർത്താവേ നിന്റെ സ്വർഗ്ഗീയ വിരുന്നിൽ സംബന്ധിക്കുവാൻ ഞങ്ങളെ അർഹരാക്കിതീർത്ത നിന്റെ മഹാകരുണ നിമിത്തം ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. കർത്താവേ നിന്റെ വിശുദ്ധ രഹസ്യങ്ങളുടെ അനുഭവം മൂലം ഞങ്ങൾ ശിക്ഷാർഹരായി തീരരുതേ, പിന്നെയോ നിന്റെ പരിശുദ്ധാത്മസംസർഗ്ഗത്തിന് ഞങ്ങൾ അർഹരായി തീരേണമെ. ആദിമുതലുള്ള സകല പുണ്യാത്മാക്കളോടും കൂടെ ഓഹരിയും അവകാശവും ഞങ്ങൾ പ്രാപിക്കേണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും സകലത്തിലും പരിശുദ്ധനും.... നിന്റെ റൂഹായ്ക്കും ഇപ്പോഴും, എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുകയും ചെയ്യുമാറാകേണമേ"

പട്ടക്കാരന്റെ ഈ പ്രാർത്ഥനയ്ക്കുശേഷം ജനങ്ങൾ ആമ്മീൻ പറയുന്നു. അപ്പോൾ പട്ടക്കാരൻ "നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ" എന്നും, പ്രതിവാക്യമായി ജനം "അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ" എന്നും ചൊല്ലുന്നു. അതിനുശേഷം ശുശ്രൂഷകൻ "നൽകപ്പെട്ട വി. രഹസ്യങ്ങൾ കൈക്കൊണ്ടശേഷം വീണ്ടും കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തല കുനിക്കണം" എന്നു പറയുന്നു. ഇത് മൂന്നാമത്തേതും ഒടുവിലത്തേതും പ്രാവശ്യമാണ് തലകുനിക്കുവാൻ ആവശ്യപ്പെടുന്നത്. ഇതിനുത്തരമായി ജനം "ഞങ്ങളുടെ കർത്താവും ദൈവവുമെ നിന്റെ തിരുമുമ്പാകെ ഞങ്ങൾ ഞങ്ങളുടെ തലകൾ കുനിക്കുന്നു" എന്നു ചൊല്ലുന്നു.

തലകുനിച്ചു നിൽക്കുന്ന ക്രിസ്തുവിന്റെ ശരീരത്തിന്മേൽ (സഭ) പുരോഹിതൻ യേശു വലിയവനും വിസ്മയനീയനുമായ സത്യദൈവമാകുന്നു എന്നു പ്രാർത്ഥിച്ച് ഏറ്റു പറയുന്നു. "ഞങ്ങളുടെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന വലിയവനും വിസ്മയനീയനുമായ ദൈവമെ ദയതോന്നി ഞങ്ങളിൽ കരുണ ചെയ്യണമേ" എന്നാണ് പ്രാർത്ഥിക്കുന്നത്.

*(തുടരും...)* ■

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area) 07-02-16 - 4 pm**
ശ്രീ. **കെ.എം. കുഞ്ഞപ്പൻ**
കടയ്ക്കൽ, കാട്ടാക്കര
ക്രോസ്റോഡ്, ആസാദ് റോഡ്,
കലൂർ. Ph: 2336642

**St. Marys Unit (Central Area) 14-02-16 - 4 pm**
ശ്രീ. **മാത്യുകോശി**
6 D, ഹാർബർ പോയിന്റ്
കുരിശുപള്ളി റോഡ്, രവിപുരം,
എറണാകുളം.
Mob: 9847046209, 9947246209

**St. Gregorios Unit (Elamkulam-Kadavanthra Area) 28-02-16 - 4 pm**
ശ്രീ. **സി.കെ. തോമസ്**
No. 34, കൃഷ്ണവിഹാർ കോളനി,
പനമ്പിള്ളിനഗർ, കൊച്ചി 36.
Ph: 2317411, Mob: 9633338973




Editorial Board : K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 10 ISSUE : 02 FEBRUARY 2016

## എഡിറ്റോറിയൽ

# പ്രാർത്ഥനയുടെ വഴികൾ

നമ്മുടെ ഇഹലോകവാസ സമയത്ത് വേണ്ട എല്ലാ ആവശ്യങ്ങളും, നാം ചെയ്യേണ്ട കാര്യങ്ങളുമടങ്ങിയ പ്രാർത്ഥനയാണ് "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..." എന്ന കർതൃപ്രാർത്ഥന. അതിന്റെ പൂർണ്ണത അവകാശപ്പെടാവുന്ന മറ്റൊരു പ്രാർത്ഥനയുമില്ലെന്നു തന്നെ പറയാം.

ദൈവപുത്രനായ കർത്താവുതന്നെ മലമുകളിൽപോയി ഒറ്റക്കിരുന്നു പ്രാർത്ഥിച്ചിരുന്നത് നമുക്കറിയാമല്ലോ. ദീനക്കാരെയും ഭൂതഗ്രസ്തരെയും സൗഖ്യമാക്കി, പുരുഷാരത്തെ പഠിപ്പിക്കുകയും ചെയ്തുകഴിഞ്ഞ് യേശുക്രിസ്തു പ്രാർത്ഥനയിൽ മുഴുകുന്നതു നാം വായിച്ചിട്ടുണ്ട്. (മർക്കോ. 1:35).

യേശുവിന്റെ കൂടെ നടന്ന ശിഷ്യന്മാർക്കുപോലും പ്രാർത്ഥനയുടെ കുറവ് നമുക്കു കാണാം. യേശു പ്രാർത്ഥിക്കുവാൻ മലമുകളിൽപോയപ്പോൾ ശിഷ്യന്മാർ ഉറങ്ങിപ്പോയത് പ്രാർത്ഥനയുടെ കുറവായിരുന്നു. തന്നെയുമല്ല, യേശുവിനെ പടയാളികൾ പിടിക്കാൻ വന്നപ്പോൾ പത്രോസ് ഭടന്റെ ചെവി വെട്ടിയതും പ്രാർത്ഥനയുടെ കുറവുതന്നെയായിരുന്നു. "ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രെ" (മർക്കൊ. 14:38) എന്ന് വി. മർക്കോസു തന്നെ പറയുന്നുണ്ടല്ലോ.

മടുത്തുപോകാത്ത പ്രാർത്ഥനക്ക് ബൈബിളിൽ പല ഉദാഹരണങ്ങൾ പറയുന്നുണ്ട്. ഏലീയ പ്രവാചകന്റെ പ്രാർത്ഥനയുടെ ശക്തി നാം വായിച്ചിട്ടുള്ളതാണല്ലോ. "ഏലിയാവോ കാർമ്മേൽ പർവ്വതത്തിനു മുകളിൽ കയറി നിലത്തുകുനിഞ്ഞ് മുഖം തന്റെ മുഴങ്കാലുകളുടെ നടുവിൽ വച്ചു" (രാജാ. 18:42). വി. ലൂക്കോസ് 18:1 - ൽ മടുത്തുപോകാതെ പ്രാർത്ഥിക്കണമെന്ന് ക്രിസ്തുവും, 1 തെസ്സ. 5:16 -ൽ ഇടവിടാതെ പ്രാർത്ഥിക്കണമെന്ന് വി.പൗലോസും ആഹ്വാനം ചെയ്യുന്നുണ്ടല്ലോ.

മൂന്നരവർഷം മഴപെയ്യാതിരുന്ന യിസ്രായേലിൽ മഴ പെയ്യിക്കുവാൻ ആറുതവണ ഏലിയാവു പ്രാർത്ഥിച്ചിട്ടും ഫലം കാണാതെവന്നതും നാം കണ്ടതാണ്. മുട്ടിപ്പായുള്ള പ്രാർത്ഥനക്കു ഫലം കാണുമെന്നുറപ്പായിരുന്നു ഏലിയാവിന്. അതാണ് ഏഴാം തവണയും അതിനായി പ്രാർത്ഥിച്ചപ്പോൾ മഴ പെയ്തത്.

ഏലിയാവിന്റെ ആഴമായ വിശ്വാസമാണ് ആഹാബിനെതിരെ അദ്ദേഹത്തിന്റെ ശക്തമായ എതിർപ്പിനെ അവഗണിച്ച്, പിടിച്ചുനിൽക്കുവാൻ കഴിഞ്ഞത്. കർമ്മേലിൽ ഒരുക്കിയ ഹോമയാഗം ദഹിപ്പിക്കുവാനായി ബാലിന്റെ പ്രവാചകന്മാർ ദീർഘസമയം പ്രാർത്ഥിച്ചു പരാജയപ്പെട്ടിടത്ത്, അവരെ പരിഹസിച്ച ഏലിയാവ് തന്റെ വിശ്വാസപൂർവ്വമായ പ്രാർത്ഥനയിലൂടെ ഹോമയാഗ ദഹനം സാധ്യമാക്കിയതും നാം കണ്ടു. നമ്മളിൽ പലരും പ്രാർത്ഥന യെന്നാൽ, ചൊല്ലി തീർക്കേണ്ട ഒരു ബാദ്ധ്യതയായാണ് ധരിച്ചിരിക്കുന്നതെന്നു തോന്നും. ഒരു പല്ലവി കണക്കെ ഒന്നും ചിന്തിക്കാതെ പ്രാർത്ഥനകൾ

*(ശേഷം 4-ാം പേജിൽ)*

## ഇടയ ലേഖനം

# നക്ഷത്രങ്ങൾ പറഞ്ഞ കഥ

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



"നക്ഷത്രമെണ്ണുക" എന്ന പഴഞ്ചൊല്ലിന്, പ്രയോജനരഹിതമായ ഒരു ജോലി, ഒരു ശിക്ഷയെന്ന വിധം ചെയ്യുക എന്ന് അർത്ഥസങ്കല്പമാകാം. എണ്ണാനെങ്കിലും നക്ഷത്രജാലങ്ങളെ കൺകുളിർക്കെ കാണുന്നത്, അനിർവചനീയമായ ഒരനുഭവം തന്നെയാണ്. അനുനിമിഷം മാറിമറിയുന്ന തിരകളെത്തന്നെ നോക്കിയിരിക്കുന്നയാളിന്, നിരന്തര മാറ്റവും മാറ്റമില്ലായ്മയും ഒത്തുചേരുന്നു. "അനന്തത"യെപ്പറ്റി ബോദ്ധ്യമുണ്ടാകുമോ, എന്തോ? നക്ഷത്രങ്ങളുടെ എണ്ണമെടുക്കാൻ തുനിയുന്നത് അത്തരമൊരു നിരർത്ഥക കർമ്മമായിട്ടാണ് കരുതപ്പെടുന്നത്. നക്ഷത്രങ്ങൾക്കെല്ലാം അതതിന്റെ നിശ്ചിത സഞ്ചാരപഥവും, പ്രകാശവാഹക ശക്തിയുമുണ്ട്. നക്ഷത്രങ്ങളുടെ സ്ഥിതിയും, ഗമനദിശയും, ഗമനശൈലിയുമൊക്കെ നിരീക്ഷിച്ചു വിശകലനം ചെയ്യുന്നതിൽ, ആധുനിക വാനനിരീക്ഷണശാസ്ത്രം മാത്രമല്ല, പുരാതന സംസ്ക്കാരങ്ങളിലെ വാനശാസ്ത്രവും ഒരു നല്ലയളവു വരെ വിജയിച്ചിട്ടുണ്ട്. അക്കാരണത്താലാണ്, അവനവന്റെ ജന്മമുഹൂർത്തവുമായി ബന്ധപ്പെടുത്തി "നക്ഷത്രഫലം" രചിക്കാൻ ശ്രമിക്കുക.

എന്നാൽ, ഏതോ ഒരുദ്ദേശപ്രാപ്തിക്കെന്ന പോലെ, പ്രത്യേകവും അസ്വാഭാവികവുമായ സഞ്ചാരശൈലിയുള്ള ഒരു നക്ഷത്രത്തെപ്പറ്റി വി.വേദപുസ്തകത്തിലെ, സുവിശേഷം വിവരിക്കുന്നു. പ്രകാശപൂരിതമായ ഈ അസാധാരണ നക്ഷത്രം, മറ്റുള്ളവയിൽനിന്നും തികച്ചും വിഭിന്നമായി, തനതായ ഒരു പാതയിലാണ് പ്രയാണം ചെയ്യുന്നത്. ഈ അസാധാരണത്തമാകാം, ഒരു പറ്റം ജോതിശാസ്ത്രജ്ഞന്മാരെ ആകർഷിച്ചത്. നഗ്നനേത്രങ്ങൾകൊണ്ടു നോക്കുമ്പോൾ സാമാന്യമായി, നക്ഷത്രങ്ങൾ ചലിക്കുന്നതായി തോന്നുകയില്ല. എങ്കിലും സൂക്ഷ്മനിരീക്ഷണത്തിൽ, അവരുടെ "യാത്രാ"രീതിയെപ്പറ്റി ഗ്രഹിക്കാം. ജോതിശാസ്ത്രജ്ഞന്മാർ കണ്ട നക്ഷത്രം സഞ്ചരിക്കുന്നതായിരുന്നുവെന്നു മാത്രമല്ല, ഒരുദ്ദേശ്യസാദ്ധ്യതയുടെ ലക്ഷ്യം വച്ചു നീങ്ങുന്നതായാണവർ കണ്ടത്. അസാധാരണമായതാണല്ലോ എന്നും ശ്രദ്ധ പിടിച്ചുപറ്റുന്നത്. ആ നക്ഷത്രത്തിന്റെ ഉദയോദ്ദേശ്യമാണവർ വിശകലനം ചെയ്തത്. അതൊരു ജന്മനക്ഷത്രം തന്നെയായിരുന്നു, മഹാരാജാവിന്റെ ജന്മനക്ഷത്രം! സാമാന്യ സഞ്ചാരപഥമുപേക്ഷിച്ചു നീങ്ങുന്ന ആ നക്ഷത്രത്തോടൊപ്പം യാത്രചെയ്യാൻ അവർ നിശ്ചയിച്ചതിൽ അതിശയമില്ല. അവിടെ ശാസ്ത്രം തികച്ചും ആത്മീയമായി മാറി. ശാസ്ത്രത്തിൽ ആത്മീകതയോ? അതേ, ഇവിടെ ഒരു സമന്വയ

*(ശേഷം 2-ാം പേജിൽ)*

## വികാരിയുടെ കത്ത്

# കഷ്ടതയിലൂടെ അനുഗ്രഹത്തിലേക്ക്

Prof. Fr. O.J. Jacob

കഷ്ടത എന്നത് ഒരു യഥാർത്ഥ്യമാണ്. അത് എല്ലാ മനുഷ്യരുടേയും ജീവിതത്തിൽ പ്രകടമാണ്. എന്തുകൊണ്ട് ഒരു വിശുദ്ധന്റെ ജീവിതത്തിൽ കഷ്ടത ദൈവം അനുവദിക്കുന്നു?

ഒന്ന്: ഒരു ശിക്ഷണം എന്ന നിലയിൽ നമ്മുടെ ജീവിതത്തിൽ കഷ്ടത ഉണ്ടായേക്കാം. ഇടയനെ ശ്രദ്ധിച്ച് ഇടയന്റെ പിന്നാലെ നടക്കുന്ന ഒരാട് തന്നെ മോഹിപ്പിക്കുന്ന ഒരു തീറ്റതേടി മറ്റൊരു വഴിയിലേക്ക് തിരിയുന്നത് ഇടയൻ മനസ്സിലാക്കിയാൽ ഒരു ചെറിയ അടി അതിനു കൊടുക്കാതിരിക്കില്ല. പെട്ടെന്ന് ആട് മനസ്സിലാക്കുന്നു, താൻ ഇപ്പോൾ നിൽക്കുന്നത് താൻ പോകേണ്ട വഴിയിൽ അല്ല. തന്നെ മോഹിപ്പിച്ച തീറ്റ ഉപേക്ഷിച്ച് ആട് അനുസരണത്തോടെ ഇടയന്റെ പിന്നാലെ യാത്രയാകുന്നു. ശിക്ഷണം എപ്പോഴും നമ്മെ ഒരു പാഠം പഠിപ്പിക്കുവാൻ വേണ്ടിയാണ്. അതു നമുക്ക് ഗുണമെ ചെയ്യുകയുള്ളൂ.

രണ്ട്: പരിശീലനം എന്ന നിലയിൽ നമുക്ക് കഷ്ടങ്ങൾ ഉണ്ടാകാം. പട്ടാളത്തിൽ ചേരുന്ന യുവാവിനെ ട്രെയിനിംഗ് കാലയളവിൽ എരിപൊരി വെയിലത്ത് കിലോമീറ്ററുകൾ ഓടിക്കുന്നത് അവൻ തെറ്റുചെയ്തതുകൊണ്ടല്ല. വരുംകാലത്ത് അവനു തെറ്റുപറ്റാതിരിക്കുവാൻ വേണ്ടിയാണ്. ഒരു ജോലി നിർവ്വഹിക്കുവാൻ നമുക്കു പ്രാപ്തി ലഭിക്കേണ്ടതിന് പരിശീലനം അത്യന്താപേക്ഷിതമാണ്. ഒരുപക്ഷെ നമ്മുടെ കഷ്ടത ഗൗരവമായ ഒരു ദൗത്യം നമ്മെ ഭരമേല്പിക്കുന്നതിനു മുന്നോടിയായി ദൈവം നൽകുന്ന മികച്ച പരിശീലനമാകാം.

മൂന്ന്: നമ്മുടെ കഷ്ടതയിൽ നാം ദൈവത്തിൽ നിന്നും ആശ്വാസം പ്രാപിക്കുന്നു (1 കൊരി: 1:4).

ആ ആശ്വാസം കഷ്ടത്തിലായിരിക്കുന്ന മറ്റുള്ളവർക്കായി നാം പകർന്നു നൽകുന്നു. അവരെ ആശ്വസിപ്പിക്കുന്നതിനുള്ള ധാർമ്മിക അവകാശം നമുക്കു ലഭിക്കുന്നത് നമ്മുടെ കഷ്ടതകളിൽ നാം ദൈവത്തിൽ നിന്ന് ആശ്വാസം പ്രാപിച്ചുവെന്ന വസ്തുതയാണ്. കഷ്ടതയിൽ ദൈവത്തിൽ നിന്ന് ആശ്വാസം പ്രാപിക്കുന്നതുതന്നെ വലിയൊരു സുഖമാണ്. കഷ്ടതയിലൂടെ കടന്നു പോകുമ്പോൾ കർത്താവിങ്കലേക്കു തിരിയുവാൻ മാത്രമല്ല, കർത്താവിന്റെ മാറിടം പൂകി വിശ്വാസത്തിന്റെ സാന്ത്വനവും സൗഖ്യവും അനുഭവിപ്പാനും



അതു നമ്മെ പ്രാപ്തരാക്കുന്നു. ഈ സ്വാന്ത്വനത്തിന് മറ്റൊരു ഗുണവശം കൂടിയുണ്ടെന്ന് പരി:പൗലോസ് അപ്പോസ്തോലൻ പ്രസ്താവിക്കുന്നു. നമ്മുടെ കഷ്ടങ്ങൾ മറ്റാർക്കും ഇല്ലാത്തത് ഒന്നുമല്ല. ഇതുപോലെ കഷ്ടങ്ങൾ അനുഭവിക്കുന്ന പലരുമുണ്ട്. അവരോട് ഒരു ആശ്വാസത്തിന്റെ വാക്കു പറയുവാൻ നമുക്ക് അവകാശം നൽകുന്നത് നമ്മുടെ കഷ്ടങ്ങളിൽനിന്നും ദൈവത്തിൽനിന്നും പ്രാപിച്ച സമാശ്വാസമാണ്. ദൈവം അനുവദിച്ച് നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന കഷ്ടതകളെ പിറുപിറുപ്പു കൂടാതെ സഹിഷ്ണതയോടെ ഏറ്റെടുക്കുവാൻ നമുക്ക് തീരുമാനിക്കാം. ■

### മെൽത്തോ – 2016

ഫെബ്രുവരി 19, 20, 21 തീയതികളിൽ എറണാകുളം കലൂർ ഇന്റർനാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. 19–ാം തീയതി വെള്ളിയാഴ്ച 5 മണിയോടെ **അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി** ഉൽഘാടനം നിർവഹിക്കുന്നതും, **റവ. ഫാ. ഡോ. റെജി മാത്യു** (സൺഡേ സ്കൂൾ ഡയറക്ടർ ജനറൽ) സുവിശേഷ പ്രസംഗം നടത്തുന്നതുമാണ്. 20–ാം തീയതി ശനിയാഴ്ച **റവ. ഫാ. ഫിലിപ്പ് തരകൻ** (OCYM വൈ. പ്രസിഡണ്ട്), 21–ാം തീയതി ഞായറാഴ്ച **അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി** എന്നിവർ വചന ശുശ്രൂഷകൾ നിർവ്വഹിക്കുന്നതുമാണ്.

*(ഇടയലേഖനം തുടർച്ച)*

മായി. ശാസ്ത്രവഴിയിലൂടെ പ്രപഞ്ചരഹസ്യങ്ങളുടെ ആത്മീകതയിലേക്കു പ്രയാണം ചെയ്യാമെന്ന് അവർക്കു ബോദ്ധ്യമായി.

അസാമാന്യപ്രകാശം പരത്തിയ ആ അത്ഭുത നക്ഷത്രം പറഞ്ഞ കഥ സൃഷ്ടപ്രപഞ്ചത്തിനാധാരവും, എന്നാൽ അതിന് അഗോചരവുമായ മർമ്മത്തെപ്പറ്റിയാണ്. എല്ലാ ഉദയവും വെളിച്ചത്തിന്റെ ജനനമാണല്ലോ. സൃഷ്ടസൂര്യന് മനുഷ്യദൃഷ്ടിയിൽ ഉദയാസ്തമയങ്ങളും വൃദ്ധിക്ഷയവും കാണുന്നു. എന്നാൽ ഈ നക്ഷത്രം ചൂണ്ടിക്കാണിക്കുന്ന ഉദയം അസൃഷ്ടപ്രകാശത്തിന്റേതാണ്. അതിനെ നിരീക്ഷിച്ചുകൊണ്ടിരുന്നവർക്ക് അതിന്റെ പൊരുൾ വെളിവായ് വന്നു. അങ്ങനെ "നക്ഷത്രമെണ്ണിയവർ" ജ്ഞാനികളായി.

നീതിസൂര്യന്റെ ഉദയത്തെക്കുറിച്ചുള്ള കഥയാണ് ഈ നക്ഷത്രങ്ങൾ പറഞ്ഞുവരുന്നത്. അതിന്റെ നാട്ടിലെത്താൻ, ഒരു യാത്രതന്നെ വേണ്ടിവരും; ചിലപ്പോൾ അതു ക്ലേശപൂർണ്ണവുമായിരിക്കും. എന്നാൽ അതിന്റെ അന്ത്യം ശുഭകരമായിരിക്കും. ലക്ഷ്യത്തിലെത്തിക്കഴിഞ്ഞാൽ, നക്ഷത്രത്തിന്റെ യാത്രയവസാനിപ്പിച്ച് സ്ഥിരം സ്ഥിതമായി നില്ക്കുന്നതു കാണാം. നക്ഷത്രം ഇവിടെ ഒരു വഴികാട്ടി മാത്രം; എന്നാൽ അതിനെ അവഗണിച്ചാൽ യാത്രകൾക്കും വഴിതെറ്റും. ബേതലഹേമിലെത്തിയാൽ, നക്ഷത്രത്തിന്റെ "ശുശ്രൂഷ"യ്ക്ക് പരിസമാപ്തിയായി. ആകാശം "ചായിച്ച്" ഇറങ്ങിവന്നവനെ ചൂണ്ടിക്കാണിക്കാൻ ആകാശത്തിൽ സഞ്ചരിക്കുന്ന നക്ഷത്രത്തെയാണ് നിയോഗിച്ചത്.

ഇത്തരം ചൂണ്ടുപലകകളായ നക്ഷത്രങ്ങൾ എക്കാലത്തുമുണ്ടാകും. ഭൗതിക നക്ഷത്രങ്ങളെക്കാണാൻ മെനക്കെടാത്തവരുണ്ട്! ചന്ദ്രനും നക്ഷത്രങ്ങളും നിറഞ്ഞയാകാശം ചിന്താധീനരായ മനുഷ്യർക്ക് എന്നും ഒരാകർഷണവും, അതേസമയം ഒരു സമസ്യയുമായിരുന്നു. "പരിശുദ്ധാത്മാവിന്റെ വീണ"യായിരുന്ന ദാവീദിനെപോലുള്ളവർ അതിനെപ്പറ്റിപ്പറയാൻ കാവ്യമാധ്യമമാണുപയോഗിച്ചത്.

ക്രിസ്തുമസ്സ് കാലത്ത് ഈ നക്ഷത്രം നമ്മുടെ മനോമുകുരത്തിലും തെളിഞ്ഞുവരുന്നു. അതാ, ബേതലഹേമിലേക്ക് അത് മാടി വിളിക്കുകയാണ്; ദിവ്യശിശുവിന്റെ പാദാന്തികത്തിലേക്ക്! ■



## വിവാഹം



കടവന്ത്ര ചെലവന്നൂർ 4 Raintree Realm ശ്രീ. റോണി മാമ്മന്റെയും ശ്രീമതി ഡാലിയ മാമ്മന്റെയും മകൻ **ശരത്ത് മാമ്മനും,** മലപ്പുറം എടക്കര കളക്കാട്ട് ശ്രീ. കെ.ഐ. ജേക്കബിന്റെയും ശ്രീമതി മോളി ജേക്കബിന്റെയും മകൾ **ഡീന ജേക്കബും** തമ്മിലുള്ള വിവാഹം 24-01-2016 ൽ കത്തീഡ്രലിൽ നടന്നു.

കലൂർ കതൃക്കടവ് കരിപ്പായിൽ മരിയഭവൻ ശ്രീ. ജേക്കബ് കുര്യന്റെയും ശ്രീമതി സജി ജേക്കബിന്റെയും മകൻ **കുര്യൻ ജേക്കബും,** ഓച്ചിറ കൊറ്റമ്പള്ളിൽ പട്ടത്തിൽ വില്ലയിൽ ശ്രീ. മോനി പി. സാമുവലിന്റെയും ശ്രീമതി ജസ്മിയുടെയും മകൾ **നിമ്മി പി. മോനിഷയും** തമ്മിലുള്ള വിവാഹം 24-01-2016 ൽ കത്തീഡ്രലിൽ നടന്നു.

എറണാകുളം SRM റോഡ് മുണ്ടക്കൽ ശ്രീ. ജോയ് ജോസഫിന്റെയും പരേതയായ ശ്രീമതി ടി.കെ.തങ്കം ജോയിയുടേയും മകൻ **TOM** ഉം, കുന്നംകുളം കൊള്ളന്നൂർ മൂലപ്പാട്ട് ഗാർഡൻസിൽ Dr. K.C. Jaiboi യുടെയും ശ്രീമതി Mimmi Jaiboi യുടെയും മകൾ **ധന്യ**യും തമ്മിലുള്ള വിവാഹം പാലാരിവട്ടം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ 24-1-2016 ൽ നടന്നു.

വടുതല ടോൾഗേറ്റ് റോഡ് കൊള്ളന്നൂർ ശ്രീ.കെ.കെ. വിത്സന്റെയും ശ്രീമതി ഷീബ വിൽസന്റെയും മകൻ **വിബിൻ കെ. വിൽസനും,** കുന്നംകുളം പേളകാട്ട് പയ്യൂർ ചെറുവത്തൂർ വീട്ടിൽ ശ്രീ.സി.സി. തമ്പിയുടെയും ശ്രീമതി മിനി തമ്പിയുടെയും മകൾ **ക്രിസ്റ്റി**യും തമ്മിലുള്ള വിവാഹം 31-1-2016 ൽ കത്തീഡ്രലിൽ നടന്നു.

പച്ചാളം റിവർ ലാന്റിംഗ് ലെയിൻ ഏബൻ ഏസറിൽ ശ്രീ. പി.ടി. ജയിംസിന്റെയും ശ്രീമതി സോമിനി ജയിംസിന്റെയും മകൻ **ജറിൻ ജയിംസും,** തിരുവല്ല വെണ്ണിക്കുളം വാളക്കുഴി ചെക്കാട്ട് ശ്രീ. ജോൺസൺ ഏബ്രഹാമിന്റെയും ശ്രീമതി ലില്ലിക്കുട്ടി ജോൺസന്റെയും മകൾ **ജലിൻ ജോൺസണും** തമ്മിലുള്ള വിവാഹം. 01-02-2016 കത്തീഡ്രലിൽ നടന്നു.

കടവന്ത്ര വിദ്യാനഗർ ചീരൻവീട്ടിൽ ഡോ.ജീസൻ ഉണ്ണിയുടെയും ശ്രീമതി മീര ജീസണിന്റെയും മകൾ **ഡോ. റിയാ ജീസണും,** തൃശൂർ ചീരൻസിൽ ശ്രീ. സി.വി. വറുഗീസിന്റെയും ശ്രീമതി മിനി വറുഗീസിന്റെയും മകൻ **അശോക് വി. ചീരനും** തമ്മിലുള്ള വിവാഹം 01-02-2016 ൽ കുന്നംകുളം സെന്റ് മേരീസ് സിറിയൻ സിംഹാസനപള്ളിയിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## മാമോദീസ

എറണാകുളം അമൂല്യ സ്ട്രീറ്റ് ചെറുവത്തൂർ ശ്രീ. റ്റിറ്റന്റെയും ശ്രീമതി ദിവ്യയുടെയും മകൾ **മറിയം** 2-1-16-ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു*



## കുടുംബ വിശേഷങ്ങൾ



വെണ്ണല എണ്ണശ്ശേരിൽ അക്കരപറമ്പിൽ ശ്രീ. ഷാജൻ ജോർജ്ജിന്റെയും ശ്രീമതി സൂസൻ ഷാജന്റെയും മകൾ **ശില്പ സൂസൻ ഷാജനും,** കുണ്ടറ കോട്ടയ്ക്കകത്ത് ശ്രീ. സി. കെ. ജോർജ്ജ് ബാബുവിന്റെയും ശ്രീമതി കുഞ്ഞുമോൾ ജോർജ്ജിന്റെയും മകൻ **നിഥിൻ കെ. ജോർജ്ജും** തമ്മിലുള്ള വിവാഹം 25-01-2016 ൽ കുണ്ടറ സെന്റ് മേരീസ് ജേക്കബൈറ്റ് പള്ളിയിൽ നടന്നു.



എറണാകുളം മുസ്ലീംസ്ട്രീറ്റ് പുലിക്കോട്ടിൽ ശ്രീ.പി.കെ. ബോസ്സിന്റെയും ശ്രീമതി Chassy Bose ന്റെയും മകൾ **ബില ബോസും,** കലൂർ വാധ്യാർ റോഡ് കൊള്ളന്നൂർ ശ്രീ.കെ.സി. ജോബിന്റെയും ശ്രീമതി ഹണി ജോബിന്റെയും മകൻ **സംഗീത് കെ.ജോബും** തമ്മിലുള്ള വിവാഹം 04-01-2016 ൽ എറണാകുളം ശാലേം മാർത്തോമ്മ പള്ളിയിൽ നടന്നു.

### മൂന്ന് നോമ്പ് ആചരിച്ചു

ജനുവരി 18 മുതൽ 21 വരെ കത്തീഡ്രലിൽ മൂന്ന് നോമ്പ് ആചരിച്ചു. **ബഹു: ഗീ വർഗീസ് വള്ളിക്കാട്ടിൽ അച്ചനും, ശ്രീ. ജോയ് മേക്കോട്ടിലും, ബഹു. അബ്രഹാം കാരമ്മേൽ അച്ചനും** വചനശുശ്രൂഷകൾ നിർവഹിച്ചു.

### തേനീച്ച തരുന്ന പാഠം

തേനീച്ച പൂക്കളിൽ നിന്ന് പൂക്കളിലേക്ക് മാറിമാറി പറന്നു നടക്കുന്നത് കണ്ടിട്ടുണ്ടല്ലോ. പൂമ്പൊടി ശരീരത്തിൽ ശേഖരിച്ചുവച്ചു കൊണ്ടുള്ള അതിന്റെ യാത്ര വളരെ പ്രയാസമേറിയതായിരിക്കും. എന്നാൽ ഇതിനൊരു നല്ല മറുവശവുമുണ്ട്. ഈ യാത്രയിൽ ചെടികളിൽ പരാഗണം നടത്തി കായ്കൾ ഉണ്ടാകുവാൻ സഹായിക്കുകയും, പൂക്കളിൽ നിന്ന് തേൻ ശേഖരിക്കുകയും ചെയ്യുന്നു. തേനീച്ചകളെപ്പോലെ, നമ്മുടെ താല്പര്യങ്ങൾ നമ്മെ ഭാരപ്പെടുത്തുവാൻ അനുവദിക്കാതെ നമ്മുടെ ബുദ്ധിമുട്ടുകൾ ദൈവം നൽകുന്ന അവസരങ്ങളായി കാണുവാൻ കഴിയണം. നമ്മുടെ ജോലി എന്തായാലും അതിൽ ആത്മാർത്ഥ കാട്ടി, ദൈവ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട്, സമാധാനം കണ്ടെത്തുവാനും, ഈ സുവാർത്ത ഒരാളുടെ ജീവിതത്തിൽ നിന്ന് മറ്റൊരാളുടെ ജീവിതത്തിലേക്ക് പകരുവാനും, സ്നേഹവും, സമാധാനവും, സന്തോഷവും പങ്കുവെയ്ക്കുവാനും നമുക്ക് കഴിഞ്ഞാൽ നാം യഥാർത്ഥത്തിൽ ക്രിസ്തീയ ജീവിതം നയിക്കുന്നവരാകും.



## ഫാമിലി അസ്സോസിയേഷൻ വിനോദയാത്ര



സെന്റ് മേരീസ് ഫാമിലി അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ മൂന്നാറിലേക്ക് ജനുവരി 26 ന് നടത്തിയ വിനോദയാത്രയിൽ 50-ൽപ്പരം ഇടവകാംഗങ്ങൾ പങ്കെടുത്തിരുന്നു. പോകുന്ന വഴിയിൽ അടിമാലി കാർമ്മൽ ജ്യോതി കോൺവെന്റിലെ Mentally Retarded വിദ്യാർത്ഥികൾക്ക് യാത്രയിൽ പങ്കെടുത്തവരിൽനിന്നും ലഭിച്ച ചെറിയ ഉപഹാരമായി 7,000 രൂപ നൽകുവാൻ സാധിച്ചു എന്നത് യാത്രയ്ക്ക് കൂടുതൽ മിഴിവേകി.

*(എഡിറ്റോറിയൽ തുടർച്ച)*

ഉരുവിടുകയാണ് ചെയ്യുന്നത്. എന്നാൽ നാം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. പ്രാർത്ഥിക്കുമ്പോൾ വാക്കുകളിൽ ഹൃദയമില്ലാത്തതിനെക്കാൾ, ഹൃദയത്തിൽ വാക്കുകളില്ലാതിരിക്കയാണ് നല്ലത്. ഇതുതന്നെ വേറൊരു വിധത്തിൽ ചിന്തിച്ചാൽ നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ അധരങ്ങളോടു ചേർന്ന് ഹൃദയവും പങ്കുകൊള്ളുമ്പോഴാണ് അർത്ഥവത്തായ പ്രാർത്ഥനയാകുന്നത്. നല്ല പ്രാർത്ഥനക്ക് നമ്മെ ഒരുക്കാൻ കഴിയുക ഒച്ചപ്പാടിനും, ബഹളത്തിനുമല്ല ഏകാഗ്രതക്കും, നിശ്ശബ്ദതക്കുമാണെന്നു കാണാം.

പ്രാർത്ഥന തികക്കാൻ ബദ്ധപ്പെട്ടിരുന്ന ഒരു വിശ്വാസിയുടെ കഥ കേട്ടിട്ടുണ്ട്. ഓരോ ദിവസവും പ്രാർത്ഥന തികക്കുമ്പോൾ അയാൾ ഓരോ 'വാൾനട്ട്' ഒരു ഗ്ലാസ് ഭരണിയിലിട്ടു വയ്ക്കുമായിരുന്നു. ഒരു ദിവസം ഒരു വൈദികൻ ഭരണിയിലെ വാൾനട്ട് കണ്ടിട്ട് അതെന്തിനാണെന്നു തിരക്കി. അയാൾ പറഞ്ഞു: 'എത്ര തവണ പ്രാർത്ഥിച്ചു എന്നറിയാനാണെന്ന്'. വൈദികൻ അയാളോട് ആ വാൾനട്ട് ഓരോന്നായി പൊട്ടിച്ച് അതിലെ പരിപ്പെടുക്കുവാൻ ആവശ്യപ്പെട്ടു. അയാൾ അതു ചെയ്തപ്പോൾ കണ്ടത് വാൾനട്ടിലെ പരിപ്പെല്ലാം ഉണങ്ങി ചുരുങ്ങിപോയതാണ്. അതുകണ്ട് വൈദികൻ അയാളോടിങ്ങിനെ പറഞ്ഞു: നിങ്ങളുടെ പ്രാർത്ഥന തികക്കൽ ഇങ്ങിനെയാണ്. അതിൽ കാമ്പുണ്ടാകയില്ല, പുറംതോടുമാത്രമെ കാണുകയുള്ളു.' പ്രാർത്ഥന ഹൃദയത്തിൽ നിന്നുണ്ടാവേണ്ടതാണ്. അധരവ്യായാമം മാത്രം പോരെന്നർത്ഥം.

നമ്മുടെ പ്രാർത്ഥന ദൈവസന്നിധിയിലെത്തുകയും ദൈവത്തിന്റെ ഇടപെടൽ അനുഭവമാകുകയും ചെയ്താൽ തുടർന്നും അതുണ്ടായിക്കൊണ്ടിരിക്കും.

സുപ്രസിദ്ധ ഗാനരചയിതാവായ ഫ്രാൻസ് ജോസഫ് ഹെയ്സൻ ഒരിക്കൽ സംഗീതജ്ഞരുടെ ഒരു സദസ്സിൽ സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ദീർഘവും കഠിനവുമായ മാനസികാദ്ധ്വാനശേഷം എത്രയും പെട്ടെന്ന് ഉന്മേഷം വീണ്ടെടുക്കാൻ അങ്ങേയ്ക്കെങ്ങിനെ കഴിയുന്നു എന്നൊരാൾ ചോദിച്ചു. അദ്ദേഹത്തിന്റെ ഉത്തരം ഇങ്ങനെയായിരുന്നു. "ഗാനരചനക്കുശേഷം വളരെ ക്ഷീണിതനാണെന്നെനിക്കു തോന്നുമ്പോൾ ഞാൻ മാറിയിരുന്ന് പ്രാർത്ഥിക്കുന്നു". യേശുക്രിസ്തു കാണിച്ചുതന്ന അതേ മാർഗ്ഗം. ■



## വിശേഷ ദിവസങ്ങൾ

| | | | |
|---|---|---|---|
| ഫെബ്രു. | 08 | തിങ്കൾ | ശുബ്ക്കോനോ ശുശ്രൂഷ രാവിലെ 11 ന് |
| | 09 | ചൊവ്വ | പ്രഥമ വികാരി മുരീക്കൽ അച്ചന്റെ ഓർമ്മ |
| | 14 | ഞായർ | ഗർബോ ഞായർ |
| | 21 | ഞായർ | മ്ശറിയോ ഞായർ |
| | 23 | ചൊവ്വ | പ.വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ ഓർമ്മ |
| | 28 | ഞായർ | ക്നാനൈത്തോ ഞായർ |
| മാർച്ച് | 02 | ബുധൻ | പാതിനോമ്പ് |
| | 06 | ഞായർ | ക്പിഫ്തൊ ഞായർ |

## വി. കുർബ്ബാന സമയം

**എളംകുളം ചാപ്പൽ:** Feb. 07 - 10.00 am, Feb. 14 - 07.00 am, Feb. 21 - 10.00 am, Feb. 28 - 07.00 am

**സെമിത്തേരിമുക്ക് ചാപ്പൽ:** Feb. 07 - 7.30 am, Feb. 21 - 07.30 am

**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**

## നിര്യാതരായി



വെണ്ണല താഴയിൽ പുഷ്പവില്ലയിൽ **പി.ടി. ജോൺ** (82) 01-02-16 -ൽ നിര്യാതനായി. 03-02-2016 -ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

മരട് കോളുതറ **അന്നമ്മ വറുഗീസ്** (91) 23-1-16 -ൽ നിര്യാതയായി. 24-1-2016 -ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

പച്ചാളം കുറ്റിക്കാട്ട് ജോൺസന്റെ മാതാവ് **ശോശാമ്മ ചേറുക്കുട്ടി** (77) 18-1-16 -ൽ നിര്യാതയായി. 19-1-2016 ൽ പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

### ആദരാഞ്ജലികൾ



**പി. ടി. ജോൺ**

(പാരിഷ് ന്യൂസ് എഡിറ്റോറിയൽ ബോർഡ് മെമ്പർ)

ജനനം: 17-04-1934 മരണം: 01-02-2016